<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2400</u> <u>07-07-2022 - ൽ മറുപടിയ്ക്ക്</u>

## <u>നികുതി തട്ടിപ്പിനെതിരെ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷം വിവിധ മേഖലകളിലായി കണ്ടെത്തിയ നികുതി തട്ടിപ്പും ചോർച്ചകളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ചരക്ക് സേവന നികുതി ഇന്റലിജൻസ് വിഭാഗം, ചരക്ക് സേവന നികുതി നിയമം അനുശാസിക്കുന്ന രേഖകൾ ഇല്ലാതെയും, അപൂർണ്ണവും തെറ്റായതുമായ രേഖകൾ ഉപയോഗിച്ചും നടത്തുന്ന ചരക്കു നീക്കം കണ്ടെത്തി നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി 2021-22 ൽ 17307 കേസുകളിൽ നിന്ന് 82.69 കോടി രൂപ നികുതിയും, പിഴയും മറ്റിനങ്ങളുമായി അടപ്പിച്ചു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ലുകൾ നൽകുന്നുണ്ടോ എന്ന് പരിശോധിച്ചതിൽ ബില്ലുകൾ നൽകാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരെ 1482 കേസുകൾ എടുക്കുകയും 2.96 കോടി രൂപ പിഴ ചുമത്തുകയും ചെയ്തു. ഇന്റലിജൻസ് സ്ക്വാഡുകൾ നടത്തിയ രഹസ്യാത്മകവും വിപുലവുമായ വിവരശേഖരണത്തിന്റെയും സൂക്ഷ്മമായ അപഗ്രഥനത്തിന്റെയും അടിസ്ഥാനത്തിൽ 173 കടപരിശോധനകൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2021-22 ൽ 67.49 കോടി രൂപ നികുതിയും പിഴയും ചുമത്തിയിട്ടുണ്ട്.കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് 262 കേസുകളിൽ ചരക്ക് സേവന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് അന്വേഷണം ആരംഭിച്ചു. അതേ വർഷത്തിൽ ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് കണ്ടെത്തിയ നികുതി വെട്ടിപ്പിന്റെ ആകെ അളവ് 78.6 കോടി രൂപയും പിരിച്ചെടുത്ത മൊത്തം നികുതി തുക 47.58 കോടി രൂപയുമാണ്. |
| (ബി) | നികുതി വെട്ടിപ്പും ചോർച്ചയും യഥാസമയം കണ്ടെത്തി നികുതി പിരിവ് ശക്തമാക്കാനായി സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ; | (ബി) | **ചരക്കു വാഹനങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാനമൊട്ടാകെ പ്രത്യേകിച്ചും അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ചു ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന സർവൈലൻസ് സ്ക്വാഡുകൾ കൂടാതെ മൊബൈൽ സ്ക്വാഡുകളും പരിശോധന നടത്തിവരുന്നു. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ്** |

| | | | |
|---|---|---|---|
| | | | **റെക്കഗ്നിഷൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എ.എൻ.പി.ആർ ക്യാമറ സംവിധാനം സംസ്ഥാനത്തിന്റെ ഇരുപത്തിരണ്ടു അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ചരക്കു വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ പകർത്തി അത് തത്സമയം ഇ-വേ ബിൽ പോർട്ടലുമായി ഒത്തുനോക്കി ഇ-വേ ബിൽ ഇല്ലെങ്കിലോ മറ്റു ന്യൂനതകളോ കാണുന്ന പക്ഷം അതാതു ക്യാമറ പരിധിയിൽ വരുന്ന ഇന്റലിജൻസ് ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ ആപ്ലിക്കേഷനിലേക്കു അലെർട്ടുകൾ നൽകുകയും ചെയ്യുന്നതാണ്. ഈ സംവിധാനം കൂടാതെ ഡാറ്റാ അനലിറ്റിക്സ് ഉപയോഗപ്പെടുത്തി നികുതി വെട്ടിപ്പിനു സാധ്യതയുള്ള വ്യാപാരികളുടെ കണക്കുകൾ പരിശോധിക്കുകയും ആവശ്യമെങ്കിൽ കടപരിശോധനകൾ ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടു പോകുന്നു.**<br><br>**സംസ്ഥാനത്തെ 18 ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് യൂണിറ്റിലെ ഓഫീസർമാർക്കും തീവ്രമായ പരിശീലനവും ഓറിയന്റേഷനും സാങ്കേതികവുമായ പിന്തുണയും നൽകി നികുതി വെട്ടിപ്പും ചോർച്ചയും യഥാസമയം കണ്ടെത്തി നികുതി പിരിവ് ശക്തമാക്കിയിട്ടുണ്ട്.വൻകിട അന്തർ സംസ്ഥാന ജി എസ് ടി വെട്ടിപ്പ് നടത്തുന്ന സംഘങ്ങളെ ഇൻവെസ്റ്റിഗേഷൻ വിഭാഗം വിജയകരമായി പിടികൂടിയിട്ടുണ്ട്. അതിൽ ഒരു കാർട്ടൽ ഓപ്പറേറ്ററെ 4500 കോടി രൂപ വരെ ഇടപാട് നടത്തി നികുതി വെട്ടിച്ചതിനു അറസ്റ്റ് ചെയ്തു റിമാന്റ് ചെയ്തു.**<br><br>**കേന്ദ്ര നികുതി രഹസ്യാന്വേഷണ ഏജൻസികളുമായി ഏകോപിപ്പിച്ചുകൊണ്ട് മൾട്ടി ഏജൻസി സംയുക്ത പ്രവർത്തനങ്ങളും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്,കർണാടക എന്നിവയുമായി ഏകോപിപ്പിച്ച് അന്തർ സംസ്ഥാന ഏകോപിത തിരച്ചിൽ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.** |
| (സി) | നികുതി നിയമാനുസൃതം പിരിച്ചെടുക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടി കൈകൊള്ളുവാനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾ ബില്ലുകൾ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കാനായി ലക്കി ബിൽ എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഇന്റലിജൻസ് സംവിധാനവും ഓഡിറ്റ് വിങ്ങും ശക്തിപ്പെടുത്തുന്നതാണ്.ഇതിനായി വകുപ്പിന്റെ സമഗ്രമായ പുന:സംഘടന നടപ്പിലാക്കാൻ തീരുമാനിച്ചു. നികുതി വെട്ടിക്കുന്നവർക്കെതിരെ കർശന നടപടിയാണ് ജി എസ് ടി വകുപ്പ് |

| | | | |
|---|---|---|---|
| | | | കൈക്കൊണ്ടുവരുന്നത്. നികുതി അടയ്ക്കാത്ത സ്ഥാപനം കണ്ടെത്തി തുടർ നടപടി എടുക്കുകയും നികുതിയിന്മേൽ പെനാൽറ്റിയും പിഴപലിശയും ചുമത്തുകയും ചെയ്തുവരുന്നു. ആവശ്യമെങ്കിൽ വ്യാപാരിയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികളും സ്വീകരിക്കുന്നു. കൂടാതെ ബില്ല് നൽകാത്ത വ്യാപാരികൾക്കുള്ള ടെസ്റ്റ് പർച്ചേസ് നടത്തി പിഴ ചുമത്തുകയും ഈ പ്രവണത തുടരുകയാണെങ്കിൽ കടപരിശോധന ഉൾപ്പെടെയുള്ള നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br><br>ചരക്ക് സേവന നികുതി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് അത്യാധുനിക സാങ്കേതിക വിദ്യകൾ വഴിയും ഇൻഫോർമേഴ്സിനെ ഉപയോഗിച്ചും നികുതി വെട്ടിപ്പ് മനസ്സിലാക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടി കൈക്കൊള്ളുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ